# ഇരുപ്പട്ടാഭിഷേക രജതജൂബിലി.

(സ്വന്തം റിപ്പോർട്ടർ)

ചങ്ങനാശ്ശേരി, 17-5-100—ബിഷപ്പ് ഡോക്ടർ തോമസ് കുര്യാളശ്ശേരി അവർകൾ തിരുപ്പട്ടമേറ്റിട്ട് 25 കൊല്ലം പൂർത്തിയാകുന്ന രജതജൂബിലിമഹോത്സവം ഇന്നലെ അഭൂതപൂർവമായ ആഘോഷാഡംബരാദികളോടുകൂടി കൊണ്ടാടിയിരിക്കുന്നു. നേരം പ്രഭാതമാകുന്നു. സൂര്യഭഗവാൻ തന്റെ ബാലകിരണങ്ങളെക്കൊണ്ട് ഈ പട്ടണത്തെ ശോഭായമാനമാക്കിച്ചെയ്യുന്നു. തെരുവീഥികൾ സർവത്ര സന്തുഷ്ടമാനസരായ ജനാവലികളെക്കൊണ്ട് പരിലസിക്കുന്നു. സുമാർ രണ്ടു വാരമായിട്ട് പട്ടണാലങ്കരണവിഷയത്തിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങളുടെ ജോലി ഇനിയും അവസാനിച്ചിട്ടില്ല. ചന്തക്കടവു മുതൽ പള്ളിവരെയുള്ള വഴിയുടെ ഇരുവശങ്ങളും കുലവാഴകൾ, പച്ചിലച്ചെടികൾ, തോരണശ്രേണികൾ, പലവർണ്ണക്കൊടികൾ, സുഗന്ധവാഹികളായ പുഷ്പങ്ങൾ മുതലായ അലങ്കാരസാധനങ്ങളെക്കൊണ്ട് മോടിപിടിപ്പിച്ചിരുന്നതിനു പുറമേ വഴിയുടെ മേൽഭാഗം മുഴുവൻ വെള്ളത്തുണി വലിച്ചുകെട്ടി ഹൃദയമോഹനങ്ങളായ പലവിധ ചിത്രങ്ങൾ, മാലകൾ, ഗ്ലോബുകൾ, ദീപഗോളങ്ങൾ, ക്രോബികൾ മുതലായവ തൂക്കിയും ഇട്ടിരുന്നു. ഭദ്രാസനദേവാലയം ഈ അവസരം പ്രമാണിച്ച് കേമമായി അലങ്കരിച്ചിരുന്നു. പള്ളിയുടെ പിൻഭാഗത്ത് ഉദ്ദേശം 10000 പേർക്ക് സുഖമായിരിക്കത്തക്കവിധത്തിൽ വിശാലമായ ഒരു പന്തൽ കെട്ടിത്തൂക്കി അലങ്കരിച്ചിരുന്നു.

മണി ഏഴു അടിച്ചപ്പോഴേക്കു ദേവാലയവും പരിസരപ്രദേശങ്ങളും ജനാവലിയാൽ നിറയപ്പെട്ടു. വിശ്വാസിക ത്തെ പ്രതീക്ഷിച്ചും ബിഷപ്പന്മാരുടെ വരവിനെ അനുസ്മരിച്ചും ജനങ്ങൾ അക്ഷമരായി നിൽക്കുന്നു. വെളിയിൽ ഡോക്ടർ കുര്യാളശ്ശേരി അവർകൾ മറ്റു ബിഷപ്പന്മാരോടുകൂടി കേമമായ ഒരു ഘോഷയാത്രയായി പള്ളിയിൽ എത്തി ദിവ്യകർമ്മങ്ങൾ ആരംഭിച്ചു. കർമ്മമായി ഡോക്ടർ കുര്യാളശ്ശേരി അവർകൾ പ്രധാനകാർമ്മികനായി പല വൈദികന്മാരുടെ സഹകരണത്തോടുകൂടി "പൊന്തിഫിക്കൽ ഹൈമാസ്സ്" എന്ന ദിവ്യകർമ്മവും അതിനെത്തുടർന്ന് "ലാക് അലാഹാ" എന്ന സ്തോത്രഗീതവും വിശുദ്ധകുർബാനയുടെ വാഴ്വും നടത്തി. അനന്തരം കോട്ടയം ബിഷപ്പ് ഡോക്ടർ ചൂളപ്പറമ്പിൽ അവർകൾ ജൂബിലിയെപ്പറ്റി ശാന്തവും എന്നാൽ ശ്രവണസുഖദവും ഭക്തിരസോത്കടവുമായ ഒരു പ്രസംഗം ചെയ്തു ജനങ്ങളെ സംതൃപ്തമാനസരാക്കിത്തീർത്തു. ഇതിന്റെ ശേഷം 10 മണിയോടുകൂടി മഹായോഗം ആരംഭിച്ചു. സർക്കാരുദ്യോഗസ്ഥന്മാർ, വൈദികന്മാർ, വക്കീലന്മാർ, കൃഷിക്കാർ, കച്ചവടക്കാർ, ധനാഢ്യന്മാർ എന്നിവർ ഉൾപ്പെടെ ഉദ്ദേശം 10,000 ത്തോളം പേർ യോഗത്തിൽ സംബന്ധിച്ചിരുന്നു. മണി 10 അടിച്ച് 5 മിനിറ്റായപ്പോൾ മെത്രാപ്പോലീത്തന്മാർ ഹാളിൽ പ്രവേശിച്ചു പ്രത്യേകം തയ്യാറാക്കിയിരുന്ന പ്ലാറ്റുഫോറത്തിലെ പ്രധാനാസനങ്ങളിൽ ഉപവിഷ്ടരായി. യോഗാധ്യക്ഷൻ മാർ അഗസ്റ്റിൻ കണ്ടത്തിൽ അവർകൾ പ്രധാനാസനത്തിലും വലതുഭാഗത്തു ഡോക്ടർ കുര്യാളശ്ശേരി അവർകൾ, തൃശ്ശൂർ മെത്രാൻ ഡോക്ടർ ഫ്രാൻസിസ് വാഴപ്പിള്ളി അവർകൾ, കോട്ടയം പേഷ്കാർ എം. വി. സുബ്രഹ്മണ്യയ്യർ ബി. ഏ. എന്നിവരും ഇടതുഭാഗത്തു ഡോക്ടർ ചൂളപ്പറമ്പിൽ, തൃശ്ശിനാപ്പള്ളി കോളേജിലെ ഫാദർ ഹൊണോറാം എസ്സ്. ജെ. ബി. ഏ, പെൻഷൻഡ് ജഡ്ജി മിസ്റ്റർ ഈശ്വരയ്യർ ബി. ഏ. ബി. എൽ, മോൺസിഞ്ഞോർ പുതുശ്ശേരി അവർകൾ, ക. നി. മൂ. സ. പ്രിയോർ ജനറൽ വെരി. റവ: ഫാദർ ജോൺ എന്നിവരും ആസനസ്ഥരായിരുന്നു. ആദിമമായി ഹൈക്കോടതിവക്കീൽ മിസ്റ്റർ ജോൺ നിധീരി ബി. ഏ. ബി. എൽ, എം. എൽ. സി. സ്വാഗതപ്രസംഗം നടത്തി. ബിഷപ്പ് അവർകൾ 25 കൊല്ലങ്ങൾക്കു മുമ്പ് റോമിൽ വച്ച് തിരുപ്പട്ടമേറ്റശേഷം ഉണ്ടായിട്ടുള്ള സ്മരണീയസംഭവങ്ങളെ വിവരിച്ചും, പട്ടത്വത്തിന്റെ മാഹാത്മ്യത്തെയും, ഇങ്ങനെയുള്ള ജൂബിലികൾ ക്രിസ്തീയലോകം കൊണ്ടാടുന്ന വിധത്തെയും, കഴിഞ്ഞ 13 കൊല്ലങ്ങൾക്കിടയിൽ രൂപതയ്ക്കുണ്ടായിട്ടുള്ള അഭിവൃദ്ധികളെയും മറ്റും വിവരിച്ചും, കൂടിയിരുന്ന മഹാന്മാർക്ക് സ്വാഗതമാശംസിച്ചും ചെയ്ത പ്രസംഗം ഹൃദയാകർഷകമായ ഒന്നുതന്നെ ആയിരുന്നു. പിന്നീട് അധ്യക്ഷൻ തന്റെ ഉപക്രമപ്രസംഗം ആരംഭിച്ചു. താനും ഡോക്ടർ കുര്യാളശ്ശേരി അവർകളും സഹപാഠികളായിരുന്നു എന്നും ഒരു കുടുംബത്തിൽ നടക്കുന്ന സമ്മേളനത്തിൽ അതിലെ കാരണവന്മാർ കൂടി സംബന്ധിക്കുന്ന നിലയിൽ താനും ഇവിടെ വന്നിട്ടുള്ളതാണെന്നും 25 കൊല്ലം മുമ്പ് റോമിലെ വിശുദ്ധദേവാലയത്തിൽവച്ചു നടന്ന "തിരുപട്ടാഘോഷത്തിൽ" നമുക്കു സംബന്ധിക്കാൻ സാധിച്ചില്ലെങ്കിലും ഇപ്പോൾ ഈ ജൂബിലിയിൽ സംബന്ധിക്കാൻ സാധിച്ചതിൽ നാമെല്ലാവരും സന്തോഷിക്കേണ്ടതാണെന്നും മെത്രാനവർകൾ മിസ്സംഭരണം കയ്യേറ്റതിൽപിന്നെ മിസ്സത്തിനു നാനാവിധനന്മകൾ ഉണ്ടായിട്ടുണ്ടെന്നും മറ്റും വിവരിച്ച് ഉദ്ദേശം മുക്കാൽ മണിക്കൂർ നേരം അധ്യക്ഷൻ പ്രസംഗിച്ചു. അനന്തരം ചങ്ങനാശ്ശേരി രൂപതയിലെ വൈദികന്മാരുടേയും ജനങ്ങളുടേയും വകയായ മംഗളപത്രം റവ: ഫാദർ ജേക്കബ് വെള്ളരിങ്ങാടനവർകൾ അവധാനപൂർവം വായിക്കുകയും വികാരി ജനറാൾ മോൺസിഞ്ഞോർ കല്ലറയ്ക്കൽ അവർകൾ ഒരു വിശേഷപ്പെട്ട കാസ്കറ്റിൽവെച്ചു സമർപ്പിക്കുകയും ചെയ്തു. ഇതോടുകൂടി അതേ വി. ജി. പ്രസ്സ് വകയായി മിസ്റ്റർ എം. എം. ജോസഫും ഒരു മംഗളപത്രം സമർപ്പിച്ചു. ജൂബിലിയാഘോഷത്തിൽ ബിഷപ്പിനെ അനുമോദിച്ചും, ഭാവിമംഗളങ്ങൾ ആശംസിച്ചും വന്നിരുന്ന കമ്പികളും കത്തുകളും ഫാദർ തോമസ് മുരിക്കൻ അവർകൾ വായിച്ചു. പൊളിറ്റിക്കൽ ഏജൻറു മിസ്റ്റർ കോട്ടൻ, ദിവാൻ മിസ്റ്റർ രാഘവയ്യാ തുടങ്ങിയുള്ള സർക്കാരുദ്യോഗസ്ഥന്മാരുടേയും കൊല്ലം, കൊച്ചി മുതലായ സ്ഥലങ്ങളിലുള്ള മതാധ്യക്ഷന്മാരുടേയും, വള്ളത്തോൾ തുടങ്ങിയുള്ള സാഹിത്യനായകന്മാരുടേയും അനുമോദനക്കത്തുകളും കമ്പികളും ഉണ്ടായിരുന്നു. ഇതിന്റെ ശേഷം [illegible]

ശേഷം അടുത്ത പേജിൽ

യിൽ വിജയികളായ കുട്ടികൾക്കുള്ള സമ്മാനദാനം അദ്ധ്യക്ഷൻതന്നേ നടത്തി. അനന്തരം ഒരു സുപ്രസിദ്ധവാഗ്മിയായ മോൺസിഞ്ഞോർ ആൻറണി പുതുശ്ശേരി അവർകളുടെ ജൂബിലിയെപ്പററിയുള്ള പ്രസംഗമാണ് നടന്നത്. ഇങ്ങനെയുള്ള ജൂബിലികൾ കൊണ്ടാടേണ്ട ആവശ്യകതയേയും ജൂബിലേറിയൻെറ ഭരണം മൂലം രൂപതയ്ക്കുണ്ടായിട്ടുള്ള നിരവധി പരിഷ്കാരങ്ങളേയും, നന്മകളേയും ഇദ്ദേഹം യഥാർത്ഥത്തിൽ ഒരു "രോമാഞ്ചകാരൻ" ആണെന്നുള്ള ചില ന്യായങ്ങളേയും മററും വിവരിച്ച മോൺസിഞ്ഞോർ പുതുശ്ശേരി അവർകൾ ചെയ്ത ആ പ്രസംഗത്തിൻെറ ഗുണവൈശിഷ്ട്യം സദസ്യലോകത്തെ അപഹൃതചിത്തവൃത്തികളാക്കിത്തീർത്തു എന്നു നിസ്സംശയം പറയാവുന്നതാണ്. ഇതിനെ അനുയാനം ചെയ്ത പ്രസിദ്ധനായ കൊച്ചുചാണ്ടിയച്ചൻ അവർകളും, റെവ: ഫാദർ ഹെറാണേറൊ അവർകളും ആകർഷണീയമായ ഓരോ പ്രസംഗം ചെയ്തു. സമുദായം വകയായി 5000 രൂപയുടെ ഒരു പണക്കിഴി ബിഷപ്പവർകൾക്കു സമർപ്പിക്കയും അദ്ദേഹം അതു സ്വീകരിച്ചിട്ട വേദപ്രചരണത്തിൻെറ അവശ്യത്തിനു വിനിയോഗിക്കുന്നതിനു വേണ്ടി ഉടൻതന്നേ വികാരി ജനറാൾ അവർകളെ തിരിച്ചേല്പിക്കയും ചെയ്തു. പിന്നീട ഡാക്ടർ കയ്യാളശ്ശേരി അവർകൾ തൻെറ മറുപടിപ്രസംഗം നടത്തി. ഇതിനെ തുടൎന്ന് അദ്ധ്യക്ഷൻെറ ഉപസംഹാരപ്രസംഗവും ഫാദർ മാത്യു തെക്കേക്കര അവർകളുടെ കൃതജ്ഞതാപ്രകാശനവും കഴിഞ്ഞു ബിഷപ്പന്മാരെ എല്ലാം മിസ്റ്റർ ററി. ജേ. മാത്യു ബി. ഏ. ബി. എൽ. ഹാരമണിയിച്ച പന്ത്രണ്ടുമണിയോടു കൂടെ യോഗമവസാനിപ്പിച്ചു. ഉച്ചയ്ക്കുള്ള ഭക്ഷണവും വിശ്രമവും കഴിഞ്ഞു രണ്ടരമണിയോടു കൂടെ വിശുദ്ധകുർബാനയുടെ എഴുന്നള്ളത്തു നടത്തുന്നതിനുള്ള ആരംഭമായി. മണി 3 ആയപ്പോഴേക്കു രൂപതയുടെ നാനാഭാഗങ്ങളിൽനിന്നു കൊണ്ടുവന്നിട്ടുള്ള പൊൻകുരിശുകൾ, മുത്തുക്കുടകൾ, പലവൎണ്ണക്കൊടികൾ മുതലായവ തത്തൽസ്ഥാനങ്ങളിൽ അണിനിരന്നു കഴിഞ്ഞു. പന്തക്കുടയിൽനിന്നാണ് വിശുദ്ധകുർബാന എഴുന്നള്ളത്ത് ആരംഭിച്ചത്. ഘോഷയാത്രയുടെ ക്രമീകരണം താഴെപ്രകാരമായിരുന്നു. മുന്നരങ്ങിൽ ബാൻറുകാർ പിന്നീട 12 പൊന്നിൻകുരിശുകൾ, ഇതിനെത്തുടൎന്ന് 100-ൽ പരം വിശേഷപ്പെട്ട മുത്തുക്കുടകൾ, പിന്നീട പലവൎണ്ണക്കൊടികളും. കയ്യിലേന്തിയുള്ള വിദ്യാർത്ഥികൾ, അതിനു പുറകിലായി വിശേഷവസ്ത്രധാരികളായ ഇരുനൂറോളം വൈദികന്മാരും നൂറോളം കന്യാസ്ത്രീകളും, ഇതിനും പുറകിലായി വിശുദ്ധകുർബാനയും വഹിച്ചുകൊണ്ട് ആർച്ച് ബിഷപ്പ ഡാക്ടർ അഗസ്റ്റീൻ കണ്ടത്തിലും ചുററുമായി ചങ്ങനാശേരി, കോട്ടയം, തൃശ്ശൂർ എന്നീ മിസ്സങ്ങളിലെ മെത്രാന്മാരും വികാരിജനറാളന്മാരും. ഇങ്ങനെ എഴുന്നള്ളത്ത് ആരംഭിച്ചു. കടവു മുതൽ പള്ളിവരെ ഉദ്ദേശം മുക്കാൽമയിൽ നീളത്തിൽ വഴി മുഴുവൻ വെള്ളമണൽ വിതറി അതിനു മുകളിൽ വെള്ളത്തുണി വിരിച്ചും പുഷ്പങ്ങൾ വിതറിയും ഇട്ടിരുന്നു. കാൽലക്ഷത്തോളം ജനങ്ങൾ സംബന്ധിച്ചിരുന്ന ഈ ഘോഷയാത്രയുടെ രമണീയത്വം വിവരിക്കുവാൻ അസാദ്ധ്യംതന്നേ. വഴിക്കു 5 സ്ഥലത്തു വളരെ വിശേഷമായതരത്തിൽ തീർത്തിരുന്ന പീഠങ്ങളിൽ അദ്ധ്യക്ഷൻതന്നെ വിശുദ്ധകുർബാന സ്ഥാപിച്ചു വാഴ്വു നടത്തുകയുണ്ടായി. ഈ ഭക്തിജനകമായ യാത്ര ഉദ്ദേശം 6 മണിയോടുകൂടി പള്ളിയിൽ എത്തി ചില പ്രത്യേകകർമ്മാനുഷ്ഠാനങ്ങൾക്കു ശേഷം പിരികയാണുണ്ടായത്.